**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2930** **13-10-2021 - ൽ മറുപടിയ്ക്ക്**

**പ്രകൃതിക്ഷോഭങ്ങൾ മൂലമുള്ള മത്സ്യബന്ധന മേഖലയിലെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | തുടർച്ചയായ പ്രകൃതിക്ഷോഭങ്ങൾ മൂലം മത്സ്യബന്ധന മേഖല പ്രതിസന്ധിയിലാകുന്ന സാഹചര്യത്തിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകൾക്ക് ഇതര ഉപജീവനമാർഗങ്ങൾ കണ്ടെത്തുന്നതിനായി കുറഞ്ഞ പലിശയ്ക്ക് വായ്പ അനുവദിക്കുന്ന പദ്ധതി ആവിഷ്കരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (എ) | മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകൾക്ക് ഇതര ഉപജീവന മാർഗ്ഗങ്ങൾ കണ്ടെത്തു ന്നതിനായി 2010 മുതൽ സാഫ് തീരമൈത്രി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. ബദൽ ജീവനോപാധി മേഖലയിൽ 9 തീരദേശ ജില്ലകളിലും കോട്ടയം ജില്ലയിലുമായി മത്സ്യത്തൊഴിലാളി വനിതകൾക്ക് ഏറ്റവും അനുയോജ്യമായ ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് 75% (ഗ്രാൻറ് ആയി) 5 ലക്ഷം രൂപ വരെ ഒരു ഗ്രൂപ്പിന് അനുവദിക്കുന്നു. കൂടാതെ വനിതാ ഗ്രൂപ്പുകൾക്ക് പ്രവർത്തന മൂലധനം നൽകുന്നതിനായി 25,000/- രൂപ മുതൽ 75,000/- രൂപ വരെയും സൂപ്പർ മാർക്കറ്റുകൾക്ക് ഒരു ലക്ഷം രൂപ വരെയും 20 തവണകളായി തിരിച്ചടവ് കണക്കാക്കി പലിശരഹിത റിവോൾ വിംഗ് ഫണ്ട് നൽകുന്നു. 2021–22 വർഷത്തിൽ 750 മത്സ്യത്തൊഴിലാളി വനിതാ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പദ്ധതി തയ്യാറാക്കി വരുന്നു. ടി യൂണിറ്റുകൾക്ക് പദ്ധതി തുക യുടെ 75% ഗ്രാൻറും പലിശരഹിത വായ്പയായി വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ടും കേരള ബാങ്ക് മുഖേന പദ്ധതി തുകയുടെ 20% ബാങ്ക് ലോൺ കുറഞ്ഞ പലിശ നിരക്കിൽ ലഭ്യമാക്കുന്നതിനും ഉദ്ദേശിക്കുന്നു. • 3R Project (3R Package For Ensuring Sustainable Livelihoods of Fisherwomen in Kerala (Rebuilding, Revival, Reforms), JLG Project (JLG Project for Ensuring Livelihood Security of Fisherwomen in Kerala 2020-21) എന്നീ പദ്ധതികളിലൂടെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളിലായി 504 മത്സ്യവിപണനത്തിലേർപ്പെടുന്ന വനിതാ JLG കൾക്ക് 50,000/- രൂപ വീതം നിലവിൽ പലിശയില്ലാത്ത വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് അനുവദിച്ചിട്ടുണ്ട്. തിരിച്ചടവ് പൂർത്തീകരിക്കുന്ന മുറയ്ക്ക് |

| | | | |
|---|---|---|---|
| | | | JLG കൾക്ക് റിവോൾവിംഗ് ഫണ്ട് വീണ്ടും അനുവദിച്ചു വരുന്നു. കൊല്ലം ജില്ലയിലെ 32 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് കുറഞ്ഞ പലിശ നിരക്കിൽ KCC ലോണും അനുവദിച്ചു. 2021-22 വർഷത്തിൽ 400 മത്സ്യത്തൊഴിലാളി വനിതാ JLG യൂണിറ്റുകൾക്ക് പലിശയില്ലാത്ത റിവോൾവിംഗ് ഫണ്ടായി 200 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള പദ്ധതി പരിശോധിച്ച് വരുന്നു. • 359 തീരമൈത്രി യൂണിറ്റുകൾക്കായി 5 കോടി രൂപ (ഒരംഗത്തിന് 50,000/- രൂപ എന്ന കണക്കിൽ 2 ലക്ഷം രൂപ വരെ) കൂട്ടുത്തരവാദിത്വ വായ്പ കണക്കെ 3 വർഷ തിരിച്ചടവ് കാലാവധിയിൽ കേരള ബാങ്കിൽ നിന്നും കുറഞ്ഞ പലിശ നിരക്കിൽ വായ്പ അനുവദിച്ചു. ഈ വർഷത്തിൽ 224 തീരമൈത്രി യൂണിറ്റുകൾക്കായി 262 ലക്ഷം രൂപ ദീർഘകാല വായ്പ അനുവദിക്കുന്ന തിനായുള്ള പദ്ധതി പരിശോധിച്ച് വരുന്നു. • സീഫുഡ് റസ്റ്ററോന്റ്, തീരമൈത്രി എന്നീ പദ്ധതികളിലെ യൂണിറ്റുകൾക്ക് 194.18 ലക്ഷം രൂപ കേരള ബാങ്ക് കുറഞ്ഞ പലിശ നിരക്കിൽ ലോൺ അനുവദിച്ചിട്ടുണ്ട്. • 69 തീരമൈത്രി ഗുണഭോക്താക്കൾക്കും 160 JLG അംഗങ്ങൾക്കും കൂടി ആകെ 229 ഗുണഭോക്താക്കൾക്കായി കുറഞ്ഞ പലിശ നിരക്കിൽ 60.26 ലക്ഷം രൂപ KCC വായ്പ അനുവദിച്ചിട്ടുണ്ട്. • സാഫിലെ ഗുണഭോക്താക്കളിൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് National Minority Development & Finance Corporation (NMDFC) യുടെ കുറഞ്ഞ പലിശ നിരക്കിലുള്ള 10 ലക്ഷം രൂപയുടെ വായ്പ KSWDC മുഖേന അനുവദിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ നിന്നും സാഫിന് കീഴിൽ പ്രവർത്തിക്കുന്ന 6 യൂണിറ്റുകളിൽ നിന്നുള്ള 16 ഗുണഭോക്താക്കൾക്ക് അവരുടെ സംരംഭം വിപുലീകരിക്കുന്നതിനായാണ് വായ്പ അനുവദിച്ചത്. കൂടാതെ National Backward Classes Finance and Development Corporation (NBCFDC) യുടെ കുറഞ്ഞ പലിശ നിരക്കിലുള്ള 50 ലക്ഷം രൂപയുടെ വായ്പ അനുവദിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ